FAX

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം വികസന അതോറിറ്റി, വിശാല കൊച്ചി വികസന അതോറിറ്റി, ഗോശ്രീദ്വീപ് വികസന അതോറിറ്റി എന്നീ വികസന അതോറിറ്റികൾ ഒഴികെയുള്ള വികസന അതോറിറ്റികൾ നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(കൈ) നം.54/2017/തസ്വഭവ.** **തിരുവനന്തപുരം, തീയതി:10/03/2017**

---

പരാമർശം:- 1) 11.6.2012 ലെ സ.ഉ.(എം.സ്)നം 162/2012/തസ്വഭവ നം ഉത്തരവ്
2)19.10.2012 ലെ സ.ഉ.(എം.സ്)നം 272/2012/തസ്വഭവ നം ഉത്തരവ്

**ഉത്തരവ്**

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന വികസന അതോറിറ്റികളിൽ തിരുവനന്തപുരം വികസന അതോറിറ്റി, വിശാല കൊച്ചി വികസന അതോറിറ്റി, ഗോശ്രീദ്വീപ് വികസന അതോറിറ്റി എന്നിവ നിലനിർത്തി കൊണ്ടും താഴെ പറയുന്ന വികസന അതോറിറ്റികൾ നിർത്തലാക്കി കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) കൊല്ലം വികസന അതോറിറ്റി
(ii) തൃശ്ശൂർ വികസന അതോറിറ്റി
(iii) കോഴിക്കോട് വികസന അതോറിറ്റി
(iv) വള്ളുവനാട് ഇൻഫ്രാസ്ട്രക്ചർ വികസന അതോറിറ്റി

2. മേൽപറഞ്ഞ നാല് അതോറിറ്റകളുടെയും ആസ്തി-ബാദ്ധ്യതകൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും മറ്റു വ്യവസ്ഥകളും സംബന്ധിച്ച വിശദമായ ഉത്തരവ് പിന്നാലെ പുറപ്പെടുവിക്കുന്നതാണ്

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ടി.കെ.ജോസ്**
**ഗവ. പ്രിൻസിപ്പൽ സെക്രട്ടറി**

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി/വള്ളുവനാട് ഇൻഫ്രാസ്ട്രക്ചർ വികസന അതോറിറ്റി / ഗോശ്രീ ദ്വീപ് വികസന അതോറിറ്റി / കോഴിക്കോട് വികസന അതോറിറ്റി / കൊല്ലം വികസന അതോറിറ്റി /തിരുവനന്തപുരം വികസന അതോറിറ്റി / തൃശ്ശൂർ വികസന അതോറിറ്റി
ഡയറക്ടർ, നഗരകാര്യ വകുപ്പ്
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ജില്ലാകളക്ടർ കൊല്ലം/ കോഴിക്കോട്/ തൃശ്ശൂർ/ മലപ്പുറം
സെക്രട്ടറി, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ കോർപ്പറേഷൻ
സെക്രട്ടറി, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി
അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ആഡിറ്റ്), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
മാനേജിംഗ് ഡൈറക്ടർ , KURDFC
പൊതുഭരണ (എസ്.സി ) വകുപ്പ് ( ഇനം നം 475/17.11.2016, ഇനം നം 800/8.03.2017)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ